# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7074** **16/07/2012 ൽ മറുപടിക്ക്**

## 'സീമാറ്റ് '- ന്റെ പ്രവർത്തനങ്ങൾ

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള "സീമാറ്റ്" എന്ന സ്ഥാപനം നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിവരുന്നത്; | എ) | സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ''സീമാറ്റ്- കേരള'' ഒരു സർക്കാർ സ്വയംഭരണ സ്ഥാപനമാണ്. പൊതു വിദ്യാഭ്യാസ വകുപ്പിലെ പ്രഥമാധ്യാപകർ, എ.ഇ.ഒ.മാർ, ഡി.ഇ.ഒ.മാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ രക്ഷിതാക്കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾ തുടങ്ങിയവർക്ക് വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനം നൽകി വരുന്നു. കൂടാതെ വിദ്യാഭ്യാസ വികസന പരിപാടികൾ, റൈട്രൗട്ടുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ആക്ഷൻ പ്ലാനുകൾ എന്നിവ തയ്യാറാക്കൽ, പഠനങ്ങൾ, നൂതന മാതൃകകളുടെ ശേഖരണം, പൊതു വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയപരമായ കാര്യങ്ങളിൽ മാർഗരേഖകൾ തയ്യാറാക്കൽ മുതലായ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| ബി) 2012-13 വർഷത്തിൽ എന്തെല്ലാം പ്രത്യേക പ്രവർത്തനങ്ങൾ "സീമാറ്റ്" സംഘടിപ്പിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | ബി) | പൊതു വിദ്യാഭ്യാസ വകുപ്പിലെ ഹെഡ്മാസ്റ്റർമാർ, എ.ഇ.ഒ.മാർ, ഡി.ഇ.ഒ.മാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ തുടങ്ങിയവർക്ക് മാനേജ്മെന്റ് പരിശീലനം നൽകി വരുക; നിലമ്പൂർ, പറവൂർ, കൊടുങ്ങല്ലൂർ, ഒറ്റപ്പാലം, കയ്പമംഗലം, പൊന്നാനി, തിരൂരങ്ങാടി, അഴീക്കോട്, ചെങ്ങന്നൂർ, വേങ്ങര, വടക്കാഞ്ചേരി, കൽപ്പറ്റ, തളിപ്പറമ്പ്, കാസർഗോഡ്, തൃത്താല, കോങ്ങാട് എന്നീ നിയോജകമണ്ഡലങ്ങളിൽ സർക്കാരിന്റെ സമഗ്രവിദ്യാഭ്യാസ പദ്ധതി |

(......2)

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുക; സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആഭ്യന്തര വകുപ്പുമായി യോജിച്ച് വിപുലപ്പെടുത്തുക; വിദ്യാഭ്യാസ മാനേജ്മെന്റിൽ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങുക, ഡയറ്റുകളുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ഗവേഷണ പരിപാടികൾക്ക് നേതൃത്വം കൊടുക്കുക. എന്നീ പ്രത്യേക പ്രവർത്തനങ്ങളാണ് 2012-13 വർഷത്തിൽ സീമാറ്റ് സംഘടിപ്പിക്കുന്നത്. |
| സി) | "സീമാറ്റ്" - ന്റെ പ്രവർത്തനത്തിന് കേന്ദ്ര/ സംസ്ഥാന സഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | സി) | സീമാറ്റിന്റെ പ്രവർത്തനത്തിന് ഒറ്റത്തവണ കേന്ദ്രധന സഹായമായി 300 ലക്ഷം രൂപ 2005-06 സാമ്പത്തിക വർഷം അനുവദിക്കുകയും, എസ്.എസ്.എ. കേരള ഘടകം വഴി പല ഗഡുക്കളായി സീമാറ്റിന് പ്രസ്തുത രൂപ 300 ലക്ഷം ലഭിക്കുകയും ചെയ്തു. സീമാറ്റ്-കേരള ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. 2005-06 ൽ 10 ലക്ഷം രൂപയും, 2006-07 ൽ 10 ലക്ഷം രൂപയും, 2007-08 ൽ 10 ലക്ഷം രൂപയും, 2008-09 ൽ 100 ലക്ഷം രൂപയും, 2009-10 ൽ 150 ലക്ഷം രൂപയും, 2010-11 ൽ 160 ലക്ഷം രൂപയും, 2011-12 ൽ 160 ലക്ഷം രൂപയും സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകി. 2012-13 ലേയ്ക്ക് 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. |
| ഡി) | 2012-13 വർഷത്തെ പദ്ധതികളുടെ നടത്തിപ്പിനായി എത്ര തുക നീക്കിവച്ചിരിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ ? | ഡി) | 2012-13 സാമ്പത്തിക വർഷത്തിൽ സീമാറ്റ്-കേരളയുടെ പദ്ധതി നടത്തിപ്പിനായി 2 കോടി രൂപ നീക്കി വച്ചിരിക്കുന്നു. വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനം നൽകുക, അവലോകന വിലയിരുത്തൽ പരിപാടികൾ നടപ്പിലാക്കുക, വിദ്യാഭ്യാസ വികസന പരിപാടികൾ, ട്രൈഔട്ടുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ആക്ഷൻ പ്ലാൻ, പഠനങ്ങൾ, നൂതന മാതൃകകളുടെ ശേഖരണം, ഡോക്യുമെന്റേഷൻ, |

(.....3)

ജേർണൽ പ്രസിദ്ധീകരണം, കൈപ്പുസ്തകങ്ങൾ തയ്യാറാക്കുക, പഠന സാമഗ്രികൾ തയ്യാറാക്കുക, സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ നടത്തുക, ഓഫീസിന്റെ ആധുനികവൽക്കരണം, അറ്റകുറ്റപണികൾ എന്നിവ നടത്തുക, ആവർത്തന ചെലവുകൾ വഹിക്കുക എന്നിവയ്ക്കാണ് 2012-13 ൽ 2 കോടി രൂപ നീക്കി വച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ